File No.: LBRD-C2/28/2025-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - National Apprenticeship Promotion Scheme (NAPS -2.0) മായി ബന്ധപ്പെട്ട് 21-03-2025ന് ഒഡീഷയിലെ ഭുവനേശ്വറിലെ വേൾഡ് സ്കിൽ സെൻറർ (WSC) ൽ നടന്ന സോണൽ മീറ്റിംഗിൽ ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ ശ്രീ.സുധാശങ്കർ. ആർ പങ്കെടുത്തതിന് expost facto അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.662/2025/LBR തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:-

1. ട്രെയിനിംഗ് ഡയറക്ടറുടെ 18/03/2025,02/04/2025 ലെ DT/958/2025-F1 നമ്പർ കത്തുകൾ
2. സ.ഉ.(പി) നം.12/2019/Fin dated 16.02.2019
3. സ.ഉ (സാധാ) നം 623/2025/തൊഴിൽ തീയതി 21/05/2025

**ഉത്തരവ്**

National Apprenticeship Promotion Scheme (NAPS -2.0)- മായി ബന്ധപ്പെട്ട് ഒരു സോണൽ മീറ്റിംഗ് 21-03-2025- ന് വേൾഡ് സ്കിൽ സെന്റർ (WSC) ഭുവനേശ്വർ, ഒഡീഷയിൽ നടക്കുന്നുണ്ടെന്നും, ഈ മീറ്റിംഗിൽ അപ്രന്റീസ്ഷിപ്പ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്നും, ആയതിനാൽ ട്രെയിനിംഗ് ഡയറക്ടർക്ക് ആരോഗ്യപരമായ കാരണത്താൽ പങ്കെടുക്കാൻ കഴിയാത്തതിനാൽ വകുപ്പിലെ ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസറായ ശ്രീ. സുധാശങ്കർ. ആർ-ന് പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം 1 ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 3 ലെ സർക്കാർ ഉത്തരവ് പ്രകാരം 20/03/2025-ന് ന്യൂഡൽഹിയിലെ കൗശൽ ഭവനിൽ വെച്ച് Future Skill Forum ൽ പങ്കെടുക്കുന്നതിന് ശ്രീ. സുധാശങ്കർ. ആർ ഉൾപ്പെടുന്ന വകുപ്പിലെ 5 ഉദ്യോഗസ്ഥർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി National Apprenticeship Promotion Scheme (NAPS -2.0) മായി ബന്ധപ്പെട്ട് 21-03-2025ന് ഒഡീഷയിലെ ഭുവനേശ്വറിലെ വേൾഡ് സ്കിൽ സെൻ്ററർ (WSC) ൽ നടന്ന സോണൽ മീറ്റിംഗിൽ ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ ശ്രീ.സുധാശങ്കർ. ആർ പങ്കെടുത്തതിനും, മാർച്ച് 20-ന് ഡൽഹിയിൽ നിന്നു ഭുവനേശ്വറിലേയ്ക്കും മാർച്ച് 21 ന് ഭുവനേശ്വറിൽ നിന്നും തിരുവനന്തപുരത്തേയ്ക്കും വിമാന മാർഗ്ഗം യാത്രചെയ്യതിന് പരാമർശം 3 ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി Expost facto അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതിലേക്കുള്ള ചെലവ് "2230-03-001-99-04-**1-Tour TA 2025-26**" ശീർഷകത്തിൽ നിന്നും

വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.സുധാശങ്കർ. ആർ, ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ, വ്യാവസായിക പരിശീലന വകുപ്പ് (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Usha Rani L

സെക്ഷൻ ഓഫീസർ

Date: 30-05-2025 11:09:28

പകർപ്പ് - ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്